കാസർഗോഡ് ജില്ലയിലെ എയ്ഡഡ്/ഗവൺമെന്റ്/അൺ എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

112 (3671) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എയ്ഡഡ്/ഗവൺമെന്റ്/അൺ എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് പ്രത്യേകം പ്രത്യേകം ലഭ്യമാകുമോ ?

ഉത്തരം

(എ) അൺ എയ്ഡഡ് സ്കൂളുകൾ മാത്രം അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണനയിലുണ്ട്.

(ബി) അപ്ഗ്രേഡ് ചെയ്യാനുദ്ദേശിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്*.

തൃക്കരിപ്പൂർ മണ്ഡലത്തിൽ ഹയർ സെക്കണ്ടറി സ്കൂൾ അനുവദിക്കാൻ നടപടി

113 (3672) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ പുതുതായി അവ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഹയർ സെക്കണ്ടറി സ്കൂൾ നിലവിലില്ലാത്ത തൃക്കരിപ്പൂർ മണ്ഡലത്തിലെ പെരുമ്പട ഗവൺമെന്റ് യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് പ്ലസ് ടു അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് സ്ഥലം എം.എൽ.എ. നൽകിയ നിവേദനം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) ഹയർ സെക്കണ്ടറി സ്കൂളുകൾ ഇല്ലാത്ത ഏതാനും പഞ്ചായത്തുകളിൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

മലപ്പുറം ജില്ലയിലെ പ്രൈമറി സ്കൂൾ അദ്ധ്യാപക നിയമനം

114 (3673) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ പ്രൈമറി സ്കൂൾ അദ്ധ്യാപക നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റ് നിലവിൽ വന്നത് എന്നാണ് എന്ന് വെളിപ്പെടുത്തുമോ ;

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly